


ചർച്ചാവേദി

# വൈകി തോന്നിയ വിവരക്കേട്

**വൈ**കിയ വേളയിലാണല്ലോ ഏറെ ഒച്ചപ്പാടുണ്ടാക്കി കൊണ്ടിരിക്കുന്ന പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് കേരളീയം എഴുതിയത്. ഇത്രയും വൈകിച്ചിട്ടും കാര്യങ്ങൾ പഠിച്ചിട്ടില്ല എന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്.

1994-ലാണ് ഡി.പി.ഇ.പി. കേരളത്തിലെ മൂന്നു ജില്ലകളിൽ നടപ്പിലാക്കിയത്.

1997-ൽ വേറെ മൂന്നു ജില്ലകളിലും കൂടി വന്നു. എന്നാൽ, 1998-ൽ മറ്റു ജില്ലകളിൽ നടപ്പിലാക്കിയത് ഡി.പി.ഇ.പി. പദ്ധതിയല്ല. ഇവിടെ നടപ്പാക്കിയ പുതിയ പാഠ്യപദ്ധതിക്ക് ഡി.പി.ഇ.പി.ക്കു ലഭിക്കുന്ന ലോകബാങ്ക് സഹായവുമില്ല. അഞ്ചുവർഷം മുമ്പ് തുടങ്ങിയ ഡി.പി.ഇ.പി. പദ്ധതിയെ ലോകബാങ്ക് സഹായത്തിന്റെ പേരുപറഞ്ഞ് അപ്പോൾ എതിർക്കാതെ ഇപ്പോൾ എതിർക്കുന്നത് അപഹാസ്യമല്ലേ.

1991-നുശേഷം ലോകബാങ്കിന്റെ പണം, ഇന്ത്യയിൽ വർധിച്ച തോതിൽ വിവിധ മേഖലകളിൽ ഉപയോഗിച്ചിട്ടുണ്ട്. ഡി.പി.ഇ.പി.യും അതിലൊന്നു മാത്രം. എം.എൽ.എൽ. (മിനിമം ലെവൽ ഓഫ് ലേണിംഗ്) ആണ് ഡി.പി.ഇ.പി.ക്കായി ലോകബാങ്ക് അംഗീകരിച്ച പാഠ്യപദ്ധതി. അതിനു ലേഖകൻ ചൂണ്ടിക്കാണിക്കുന്ന ചില പരിമിതികളുമുണ്ട്.

പക്ഷേ, ഇന്നു മറ്റു ജില്ലകളിലേതുപോലെ ഡി.പി.ഇ.പി. ജില്ലകളും എം.എൽ.എൽ. മറികടന്ന് പുതിയ പാഠ്യപദ്ധതി കൈക്കൊണ്ടിരിക്കുകയാണ്.

ഇതു വിദ്യാർഥി കേന്ദ്രീകൃതവും പ്രവൃത്തി ബന്ധിതവുമായ ഒരു വിദ്യാഭ്യാസ പദ്ധതിയാണ്. ഗാന്ധിജി മുതൽ പൗലോ ഫ്രെയർ വരെ പറഞ്ഞുവച്ച ശിശുകേന്ദ്രീകൃത രീതിയാണിത്.

ദയവുചെയ്ത് സ്കൂളുകൾ സന്ദർശിക്കൂ. ക്ലാസ് മുറികൾ സജീവമായത് കാണൂ. എന്നിട്ട് മൂല്യനിർണയത്തിൽ വരുത്തിയ മാറ്റം മനസിലാക്കാൻ ചോദ്യപേപ്പറുകളും പരിശോധിക്കൂ. ഒരു പാഠ്യപദ്ധതിയെ അതിന്റെ എല്ലാ അർഥത്തിലും മൂല്യവത്താക്കുന്ന പുത്തൻ മൂല്യനിർണയമാർഗങ്ങൾ പരീക്ഷാവേളയിലും കുട്ടികളെ ഊർജസ്വലരാക്കുന്നത് കണ്ടു മനസിലാക്കൂ.

വിദ്യാഭ്യാസത്തെ തൊഴിൽ നേടാൻ മാത്രമായുള്ള ഉപാധിയായി ലഘൂകരിക്കുന്ന ലേഖകനോട് യോജിക്കാൻ വയ്യ. തൊഴിൽ നേടുന്നതൊപ്പം ക്രിയാശേഷിയും സർഗശേഷിയും സ്വയംപഠന ശേഷിയും ഉറപ്പ് വരുത്തുന്ന പുതിയ പാഠ്യപദ്ധതിയല്ലേ കൂടുതൽ അഭികാമ്യം.



ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും ഈ പാഠ്യപദ്ധതി നടപ്പിലാക്കണമെന്ന് പറയുന്നത് കൊള്ളാം. ഏതുതരം ഇംഗ്ലീഷ് മീഡിയം സ്കൂളാണ് ലേഖകൻ ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമല്ലല്ലോ.

എല്ലാത്തരം ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും സുപ്രധാന ലക്ഷ്യം ആംഗ്ലേയത്തിൽ പ്രാവീണ്യം നേടലാണ്. എന്നാൽ, പുതിയ പാഠ്യപദ്ധതിയുടെ ലക്ഷ്യം കുട്ടിയുടെ സമഗ്രവികസനവും.

എങ്കിലും കുട്ടികളെ രസിപ്പിച്ച് പഠിപ്പിക്കുന്ന അവർക്കു പ്രാധാന്യമുള്ള പുതിയ പാഠ്യപദ്ധതിയുടെ പ്രയോഗത്തെ കേരള സിലബസുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വൈകാതെ സ്വാഗതം ചെയ്യുമെന്ന് പ്രതീക്ഷിക്കാം. സർക്കാരും വൈകാതെ അതിൽ ശ്രദ്ധിക്കുമെന്ന് കരുതാം.

പക്ഷേ, സി.ബി.എസ്.ഇ.ക്കാർക്ക് പുതിയ പാഠ്യപദ്ധതിയെ അതേപടി വിവർത്തനം ചെയ്തുപയോഗിക്കാനാവില്ലല്ലോ. ഇപ്പോഴും അവർ അവരുടേതായ സിലബസാണല്ലോ ഉപയോഗിക്കുന്നത്.

1994-ൽ മുഹമ്മദ് ബഷീറും ആന്റണിയുമാണ് ഡി.പി.ഇ.പി. കൊണ്ടുവന്നതെന്ന് അറിയാതെയാകാം പുതിയ പാഠ്യപദ്ധതി പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന സഖാക്കളെ കുറ്റപ്പെടുത്തുന്നത്. സഖാക്കൾ പതിവുപോലെ അവരുടെ സർക്കാരിന്റെ ഒരു പദ്ധതിയെക്കൂടി വിജയിപ്പിക്കാൻ ശ്രമിക്കുന്നെന്നു മാത്രം.

അന്വേഷിച്ചെഴുതേണ്ട കാര്യങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്ത ലേഖകന്റെ ഭാവി പ്രവചനം "മറ്റുള്ളവരേക്കാൾ ഡി.പി.ഇ.പി.ക്കാർ പുറകിലായിരിക്കും" എന്ന പ്രവചനം കൈനോട്ടക്കാരന്റെ ജൽപനം പോലെ തോന്നുന്നു.

ഇത്തരം ഗൗരവമുള്ള വിഷയം എഴുതുമ്പോൾ കുറേക്കൂടി അവധാനത പുലർത്താൻ ശ്രമിച്ചാൽ വായനക്കാർക്ക് നന്ന്, കേരളീയത്തിന് വളരെ നന്ന്.

സ്നേഹപൂർവം

**എ.കെ.മൊയ്തീൻ**
ദ്രോണം
പിൻ: 680 666